"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25- അരീക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1438 ന് എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/Co-Op തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-

1. എൻ സി ഡി സി റീജിയണൽ ഡയറക്ടറുടെ 01/08/2022ലെ NCDC/59/1/22/(റ്റി വി എം)/316/എസ് ബി 20181നമ്പർ കത്ത്.
2. സ.ഉ (സാധാ) നം. 824/2022/സഹ തീയതി 16/12/2022
3. സഹകരണ സംഘം രജിസ്ട്രാറുടെ 06/05/2024 ,10/12/2024 എന്നീ തിയതികളിലെ പി&എം എ (3)1408/21 നം കത്ത്
4. സ.ഉ (സാധാ) നം.257/2024/സഹ തീയതി 28/05/2024
5. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

അരീക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1438 ന് ബാങ്ക് കെട്ടിടം ആധുനിക രീതിയിൽ നവീകരിച്ച് ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് 20.25 ലക്ഷം രൂപ എൻ.സി.ഡി.സി ധനസഹായമായി പരാമർശം (1) കത്ത് പ്രകാരം അനുവദിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി ഓഹരിയിനത്തിൽ 4.5 ലക്ഷം രൂപയും, (ശീർഷകം - 4425-108-42-34-3) വായ്പയിനത്തിൽ 2.81 ലക്ഷം രൂപയും (ശീർഷകം - 6425-108-19) ഉൾപ്പെടെ ആകെ 7.31 ലക്ഷം രൂപ (ഏഴ് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ മാത്രം) 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിയ്ക്കുന്നതിന്

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. അരിക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1438-ന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി ഓഹരി ഇനത്തിൽ 4.50 ലക്ഷം രൂപയും (ശീർഷകം-4425-108-42-34-3) വായ്പയിനത്തിൽ 8.44 ലക്ഷം രൂപയും (ശീർഷകം-6425-108-19) ഉൾപ്പെടെ 12.94 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപമാത്രം) 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അരീക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1438 ന് ബാങ്ക് കെട്ടിടം ആധുനിക രീതിയിൽ നവീകരിച്ച് ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് എൻ സി ഡി സി ധനസഹായമായി അനുവദിച്ചിരുന്ന തുകയുടെ രണ്ടാം ഗഡുവായി ഓഹരി ഇനത്തിൽ 4.50 ലക്ഷം രൂപയും (ശീർഷകം-4425-108-42-34-3) വായ്പയിനത്തിൽ 8.44 ലക്ഷം രൂപയും (ശീർഷകം-6425-108-19) ഉൾപ്പെടെ 12.94 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപമാത്രം) 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | ശീർഷകം | അനുവദിക്കേണ്ട തുക | ഇ-അനുമതി നമ്പർ |
|---|---|---|---|
| ഓഹരി | 4425-00-108-42-34-3 | 4.5 ലക്ഷം | AS/COP/24/34576 . |
| വായ്പ | 6425-00-108-19 | 8.44 ലക്ഷം | AS/COP/24/34577 |
| ആകെ | | 12.94 ലക്ഷം രൂപ | |

3. പ്രസ്തുത തുക, പരാമർശം (5) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

പ്രസിഡന്റ് , അരീക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1438

(സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/189/2021/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 30-01-2025 10:57:00

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്